# നിശബ്ദമാക്കപ്പെട്ട അരിമില്ലുകൾ

## പാലക്കാട്ടെ ഏറ്റവും വലിയ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ദേശീയ നയങ്ങൾ കൊണ്ടുണ്ടായ നാശം

ആർ. ശ്രീധർ,
സതീഷ്

**പാലക്കാട്** കേരളത്തിന്റെ നെല്ലറയാണ്. പാലക്കാട്ടെ കർഷകർക്ക് നെല്ലുമായും നെല്ലിന്റെ സംസ്കാരമായും പ്രത്യേക ബന്ധമുണ്ട്. ഇന്നും കേരളത്തിൽ ഏറ്റവുമധികം നെല്ലുൽപാദിപ്പിക്കുന്നത് പാലക്കാടാണ്. ഈ ജില്ലയുടെ രാഷ്ട്രീയവും സമൂഹവും സമ്പദ്ഘടനയുമെല്ലാം ഈ ഭക്ഷ്യവിളയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇന്ന് നെൽകൃഷി വലിയ പ്രതിസന്ധിയിലാണ്. നെൽകർഷകരുടെയും സ്ഥിതി വ്യത്യസ്തമല്ല. കൂടുതൽ കർഷകർ ദിവസേന പ്രതിസന്ധിയിലായിക്കൊണ്ടിരിക്കുകയാണ്. വേണ്ടത്ര വില കിട്ടാത്തതുകൊണ്ട് നല്ല ഒരു ജീവിതം അവർക്ക് അസാധ്യമാക്കുകയും പലരും ആത്മഹത്യയിലേക്ക് തള്ളിവിടപ്പെടുകയും ചെയ്തിരിക്കുന്നു. കഴിഞ്ഞ രണ്ടു സീസണുകളിലാണ് (2006-07) സർക്കാർ മെച്ചമായ ഒരു വില നെല്ലിന് പ്രഖ്യാപിച്ചത്, ക്വിന്റലിന് 850 രൂപ. ഇത് നെല്ലു വില ഉയർത്താൻ സഹായകമായി. നെല്ല് സംഭരിച്ചിരുന്ന പല മില്ലുകൾക്കും ഈ വില കർഷകന് നൽകേണ്ടിവന്നു. കൂലിയുടെയും കൃഷിക്കാവശ്യമായ മറ്റു വസ്തുക്കളുടെയും വില വർദ്ധനവുകാരണം ഈ മേഖലയിൽ കൃഷിച്ചെലവ് വളരെയധികം വർദ്ധിച്ചിരിക്കുന്നു. വിത്തിനും വളത്തിനും കീടനാശിനികൾക്കും ഉള്ള സബ്സിഡികളെല്ലാം നിർത്തലാക്കി തങ്ങൾക്ക് ക്വിന്റലിന് 1200 രൂപ നൽകിയാൽ മതിയെന്നാണ് കർഷകരുടെ പുതിയ ആവശ്യം.

വർദ്ധിച്ച ഉൽപാദനച്ചെലവ് ഉണ്ടായിട്ടും ഇന്നത്തെ വില നിലവാരം വെച്ച് നെൽകൃഷി ലാഭകരമല്ലാതായിട്ടും പലരും നെൽകൃഷി തുടരുന്നത് അതവരുടെ ശീലമായതുകൊണ്ടും സംസ്കാരമായതുകൊണ്ടുമാണ് മറിച്ച് ലാഭമുദ്ദേശിച്ചല്ല. പക്ഷേ ഇതും ഏറെനാൾ നിലനിൽക്കാനിടയില്ല. എന്നാൽ നെല്ലു സംഭരണത്തിലെ ഈ ഉയർന്ന വില



ഒരു വിഭാഗത്തെ വളരെയേറെ ബാധിച്ചിട്ടുണ്ട്. മില്ലുകാർക്കും വ്യാപാരികൾക്കും നെല്ല് സംഭരിക്കാൻ കഴിയാതെ വന്നതുകൊണ്ട് ചെറിയ അരിമില്ലുകൾക്കും ചെറുകിട അരിക്കച്ചവടക്കാർക്കും തമിഴ്നാട്ടിൽ നിന്നുമുള്ള വിലകുറഞ്ഞ (500 രൂപ മുതൽ 600 രൂപവരെ ക്വിന്റലിന്) നെല്ലിനെ ആശ്രയിക്കേണ്ടിവന്നു. കടത്തുകൂലി കണക്കാക്കിയാലും ഇതവർക്ക് ലാഭകരമാണ്. ഈ രീതി ഇപ്പോൾ വന്നിട്ടുള്ള വിലക്കയറ്റത്തിനു മുമ്പുതന്നെ തുടങ്ങിയിരുന്നു, കാരണം അവർ കർഷകർക്ക് വളരെ ചെറിയ വിലയാണ് നൽകിയിരുന്നത്. എന്നാൽ ഇതിനുള്ള പ്രധാന കാരണം കേരളത്തിലെ ഉയർന്ന താങ്ങുവിലയല്ല മറിച്ച് വിപണിയിൽ അരിയുടെ വില കാര്യമായി വർദ്ധിച്ചിട്ടില്ല എന്നതാണ്. തമിഴ്നാട്ടിലേയും ആന്ധ്രപ്രദേശിലെയും അരിവിപണികളും അരിമില്ലുകളുമാണ് ഇവിടത്തെ വ്യാപാരത്തിൽ വലിയ പങ്കും നടത്തുന്നത് എന്നതും അവരാണ് അരിയുടെ വില നിയന്ത്രിക്കുന്നത് എന്നതുമാണ് ഇതിനു കാരണം.

എന്തൊക്കെയായിരുന്നാലും കഴിഞ്ഞ പതിറ്റാണ്ടിൽ ആദ്യമേതന്നെ വലിയ പ്രതിസന്ധി നേരിട്ടിരുന്നതുകൊണ്ട് അടച്ചുപൂട്ടലിലേക്ക് നീങ്ങികൊണ്ടിരുന്ന അരിമില്ലുകൾക്ക് കഴിഞ്ഞ രണ്ട് സീസണുകൾ വലിയ അടിയായി.

ഈ അരിമില്ലുകളാണ് പാലക്കാട് ഏറ്റവുമധികം തൊഴിൽ നൽകിയിരുന്നത്. അരിമില്ലുകളുടെ ഏറ്റവും നല്ല കാലങ്ങളിൽ 2500 ഓളം വന്നിരുന്ന അരിമില്ലുകൾ കുറഞ്ഞ് 20000 മുതൽ 25000 വരെ തൊഴിലുകൾ നൽകിയിരുന്നിട്ടുണ്ടാവണം. മിക്കവർക്കും അതിൽനിന്ന് അധികവരുമാനം ലഭിച്ചിരുന്നു. ആലത്തൂർ, ചിറ്റൂർ, പാലക്കാട് ബ്ലോക്കുകളിൽ മാത്രം 1980 കളിൽ 2500 ഓളം പ്രവർത്തിക്കുന്ന അരിമില്ലുകൾ ഉണ്ടായിരുന്നു. പാലക്കാട് റൈസ് മിൽ ഓണേഴ്സ് ആന്റ് ട്രേഡേഴ്സ് അസോസിയേഷന്റെ കണക്കനുസരിച്ച് ഇവയിൽ 1000 എണ്ണം കൂലിക്ക് നെല്ലുകുത്തുന്ന മില്ലുകളായിരുന്നു. ബാക്കിയുള്ള 1500 എണ്ണത്തിൽ നെല്ല്

പുഴുങ്ങിക്കുത്തുന്ന ചെറിയ മില്ലുകളും സെമി മോഡേണൈസ്ഡ് മില്ലുകളുമാണ്. അസോസിയേഷന് 1995ൽ 500 എണ്ണം പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന രജിസ്ട്രേഡ് അംഗങ്ങളുണ്ടായിരുന്നു. ഇവയിൽ മിക്കതും ചെറുതും സെമി മോഡൈണൈസ്ഡ് മില്ലുകളുമായിരുന്നു. എന്നാൽ 1999 ജനുവരിയോടുകൂടി പ്രവർത്തിക്കുന്ന മില്ലുകൾ 276 ആയി കുറഞ്ഞു, ജനുവരി 2003 ൽ ഇത് 229 ആയി. 2007 ആയപ്പോഴേക്കും പ്രവർത്തിക്കുന്ന മില്ലുകളുടെ എണ്ണം 44 ആയെന്ന് അസോസിയേഷൻ കണ്ടെത്തി. പാലക്കാടിന് അതിന്റെ ഏറ്റവും വലിയ ചെറുകിട വ്യവസായം നഷ്ടപ്പെട്ടുകൊണ്ടിരുന്നപ്പോൾ ഭക്ഷ്യ സംസ്കരണ മന്ത്രാലയത്തിന്റെ ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമിന്റെ സഹായമുണ്ടായിരുന്ന മുപ്പതോളം മില്ലുകളുള്ള കാലടി റൈസ് മിൽ ഓണേഴ്സ് കൺസോർഷ്യം കേരളത്തിലെത്തന്നെ ഏറ്റവും വലിയ വ്യവസായ ക്ലസ്റ്ററായി വളർന്നതും അവരുടെ വില പേശാനുള്ള കഴിവും അരി വ്യാപാരത്തിലെ അവരുടെ സാന്നിധ്യവും പാലക്കാട്ടെ അരിമില്ലുകൾക്ക് അവസാനത്തെ പ്രഹരം നൽകി.

പാലക്കാട് മേഖലയിലെ നെൽകൃഷിയോളം തന്നെ പഴക്കം നെല്ലുകുത്തിനുമുണ്ട്. പണ്ട് പരമ്പരാഗത രീതിയിൽ പരമ്പരാഗത ഉപകരണങ്ങൾ കൊണ്ടാണ് നെല്ലുകുത്തിയിരുന്നത്. അതാതു ദിവസത്തേക്കു വേണ്ടിവരുന്ന അരി അതാതു ദിവസമാണ് കുത്തിയിരുന്നതെന്ന് പഴമക്കാർ ഓർക്കുന്നു. പിന്നീട് കൂലിക്കു കുത്തുന്ന ചെറിയ മില്ലുകൾ നിലവിൽവന്നു. കുത്തുന്നതിനുമുമ്പുള്ള എല്ലാ കാര്യങ്ങളും കർഷകർ അവരുടെ വീടുകളിൽ തന്നെയാണ് ചെയ്തിരുന്നത്. എന്നിട്ട് അത് കുത്തുവാൻ വേണ്ടി മില്ലുകളിലേക്ക് കൊണ്ടുപോകും. നെല്ലുകുത്തിയതിനുശേഷമുള്ള വൃത്തിയാക്കലും വീടുകളിലാണ് ചെയ്തിരുന്നത്. ഇത്തരം മില്ലുകൾ പ്രാരംഭത്തിൽ എണ്ണയിൽ പ്രവർത്തിക്കുന്ന എഞ്ചിനുകൾ കൊണ്ടാണ് പ്രവർത്തിച്ചിരുന്നത്. പിന്നീട് ഇവ വൈദ്യുത മോഡലുകളിലേക്ക് മാറി. 1970 കൾ മുതൽ 1990 കൾ വരെ ഇത്തരം മില്ലുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. പക്ഷേ രാജ്യത്തിന്റെ ബാക്കി ഭാഗങ്ങളിൽ പ്രത്യേകിച്ചും കൂടുതൽ നെല്ലുൽപാദിപ്പിക്കുന്ന സംസ്ഥാനങ്ങളിൽ ഈ മാറ്റം 1950കളിൽ തന്നെ തുടങ്ങി.

അപ്പോഴാണ് ഈ വ്യവസായത്തെ നിയന്ത്രിക്കേണ്ടതിന്റെ ആവശ്യം കേന്ദ്രസർക്കാർ തിരിച്ചറിഞ്ഞത്. ആദ്യമായി അരിമില്ലുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനെ കൂടാതെ ചെറുകിട നെല്ല് സംസ്കരണ രീതികളെ സംരക്ഷിക്കേണ്ടതിന്റെയും. ഇന്ത്യയിലെ അരിമിൽ വ്യവസായം പൊതു ഉത്പാദന പരിപാടിയുടെ കീഴിലാണ് വന്നിരുന്നത്. (ഈ വ്യവസായത്തിലെ സംഘടിത മേഖലയുടെ മേൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നു എന്നാണ് ഇത് അർത്ഥമാക്കുന്നത്.) 1995ലെ റൈസ് മില്ലിങ്ങ് കമ്മിറ്റി അരിമില്ലുകളുടെ വളർച്ച നിരുത്സാഹപ്പെടുത്തുന്നതിന് നിരവധി നടപടികൾ നിർദ്ദേശിച്ചു, കൈക്കുത്തിനുമേൽ മില്ലുകൾക്ക് മത്സരത്തിൽ ലഭിക്കുന്ന മേൽക്കൈ ഇല്ലാതാക്കാനായിരുന്നു ഇത്. ഹള്ളറുകൾ ക്രമേണ ഇല്ലാതാക്കണമെന്നും അവ കൈകുത്തിന് ഒരു ഭീഷണിയാണന്നും കമ്മിറ്റി വിഭാവനം ചെയ്തു. രാജ്യത്തിന്റെ മുഴുവൻ ആവശ്യത്തിനും നിവൃത്തി വരുത്താനുതകും വിധം കൈക്കുത്ത് വികസിപ്പിക്കാൻ വരെ പ്ലാൻ ചെയ്യപ്പെട്ടു. പ്രത്യേക സാഹചര്യങ്ങളിൽ പൊതു താൽപര്യമനുസരിച്ച് ചെയ്യേണ്ടിവരുന്നതൊഴിച്ച് പുതിയ മില്ലുകൾ സ്ഥാപിക്കുകയോ പഴയ മില്ലുകളുടെ ഉൽപാദനക്ഷമത കൂട്ടുകയോ ചെയ്യരുതെന്നും എല്ലാ പുതിയ മില്ലുകൾക്കും ലൈസൻസ് വേണമെന്നും പുതിയ യൂണിറ്റുകൾ അനുവദിക്കുകയോ ഉള്ളവയുടെ ഉൽപാദനക്ഷമത കൂട്ടുകയോ ചെയ്യരുതെന്നും രണ്ടാം പഞ്ചവത്സര പദ്ധതിരേഖയിൽ പറഞ്ഞിരുന്നു. ഹള്ളറുകൾ ഇല്ലാതാക്കുന്നതിനെ കുറിച്ച് തൊഴിലിന്റെ അവസ്ഥ മനസ്സിലാക്കിയതിനുശേഷം തീരുമാനിക്കാമെന്നും അതിൽ പറഞ്ഞിരുന്നു. മാത്രമല്ല കൈക്കുത്തരി പ്രചരിപ്പിക്കുന്നതിനും അത് നഗര പ്രദേശങ്ങളിൽ ലഭ്യമാക്കുന്നതിന് ഡിപ്പോകൾ തുറക്കുമെന്നും പദ്ധതി രേഖയിൽ പറഞ്ഞിരുന്നു.

റൈസ്മിൽ ഇൻസ്ട്രി റെഗുലേഷൻ ആക്ട് 1958 ഉം റൂൾസ് 1959 ഉം രാജ്യത്ത് അരിമില്ലുകളുടെ വളർച്ച കുറയ്ക്കാൻ ഉദ്ദേശിച്ചുള്ളതായിരുന്നു. എങ്കിലും നിയന്ത്രിതമായ രീതിയിൽ അരിമില്ലുകൾ തുടങ്ങുന്നത് അനുവദിച്ചിരുന്നു. തീവ്രകാർഷിക വികസന പരിപാടിയുടെ കീഴിൽ ഫോർഡ് ഫൗണ്ടേഷന്റെ സഹായത്തോടുകൂടി 1963ൽ അരിമിൽ വ്യവസായത്തെക്കുറിച്ച് ഒരു പഠനം നടത്തുകയുണ്ടായി. ഈ പഠനത്തിന്റെ നിർദ്ദേശങ്ങൾ സമീപനത്തിൽ മാറ്റങ്ങൾ കൊണ്ടുവന്നു. കൈക്കുത്ത് കാര്യക്ഷമമല്ല എന്നതുകൊണ്ട് അരിമില്ലുകൾ നവീകരിക്കാൻ കാർഷിക മന്ത്രാലയം തീരുമാനിച്ചു. നിലവിലുള്ള ഷെല്ലർ മില്ലുകളെ അപേക്ഷിച്ച് അധികവും ഹള്ളർ മില്ലുകളെ അപേക്ഷിച്ച് വളരെയധികവും ഉത്പാദന വർദ്ധനവ് മോഡേൺ മില്ലുകൾക്ക് ഉണ്ടാകുമെന്ന് കൃഷിമന്ത്രാലയത്തിന് സമർപ്പിച്ച റിപ്പോർട്ട് ചൂണ്ടിക്കാണിച്ചു. കൂടാതെ ആധുനിക മില്ലുകളിൽനിന്ന് ഉമി, തവിട് തുടങ്ങിയ ഉപ ഉൽപന്നങ്ങളും ഉണ്ടാക്കാൻ കഴിയുന്നു. പാർ ബോയിലിങ്ങ് സാങ്കേതികവിദ്യയും യന്ത്രവൽകൃതമായ ഉണക്കലും മൊത്തം ഉൽപാദനത്തിൽ വർദ്ധനവുണ്ടാക്കി. കൊയ്ത്തിനുശേഷം ഉപയോഗിക്കേണ്ട സാങ്കേതികവിദ്യയിൽ പുരോഗതിക്ക് വലിയ സാദ്ധ്യതകളുണ്ടെന്ന് സർക്കാർ തിരിച്ചറിഞ്ഞു.

തുടർന്ന് യഥാക്രമം 1968ലും 1970ലും റൈസ് മില്ലിങ്ങ് ഇൻസ്ട്രി ആക്ട് 1958ഉം റൈസ് മില്ലിങ്ങ് ഇൻസ്ട്രി (റെഗുലേഷൻ ആന്റ് ലൈസൻസിങ്ങ്) റൂൾസ് 1959ഉം ഭേദഗതി ചെയ്യപ്പെട്ടു. ആദ്യഘട്ടത്തിൽ വളരെയേറെ ഹള്ളറുകളും ഹള്ളറും ഷെല്ലറും ചേർന്ന കോമ്പിനേഷനുകളും ഷെല്ലറുകളും ആധുനികവൽക്കരണത്തിന്റെ പരിധിയിൽ കൊണ്ടുവന്നു. അപ്പോഴും തൊഴിലില്ലായ്മ ഉണ്ടാക്കരുതെന്നും പാരമ്പര്യമേഖലയെ ബാധിക്കരുതെന്നും വ്യക്തമായ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നു. എന്നാൽ ആധുനികവൽകരണം തീർച്ചായും പ്രോത്സാഹിപ്പിക്കപ്പെട്ടിരുന്നു. ഇത് ഈ മേഖലയുടെ പിന്നീടുള്ള വളർച്ചയിൽ നിന്ന് വ്യക്തമാണ്.

ഈ സമയമായപ്പോഴേക്കും പാലക്കാട് പുതിയ നെല്ല് ഹള്ളിങ്ങ് സംവിധാനങ്ങൾ നിലവിൽവന്നു. ചിലർ ഹള്ളറും ഷെല്ലറും ഉള്ള സംവിധാനങ്ങളും തുടങ്ങി. ഇവർ ചുറ്റുപാടുമുള്ള കർഷകരിൽനിന്നും പുറത്തുനിന്നും നെല്ല് വാങ്ങുകയും അവ കുത്തിയതിനുശേഷം പ്രാദേശിക

കച്ചവടക്കാർക്ക് വിൽക്കുകയും ചെയ്തു. ചെറിയ അളവിൽ അരി അവർതന്നെ ചുറ്റുപാടുമുള്ളവർക്ക് നൽകിയിരുന്നു. 1990 കളിൽ ഇത്തരം മില്ലുകളുടെ എണ്ണം ഔന്നത്യത്തിലെത്തി.

എന്നാൽ സർക്കാർ കൊണ്ടുവന്ന ആധുനികവൽക്കരണ പരിപാടികൾ പ്രധാന നെല്ലുൽപാദക സംസ്ഥാനങ്ങളിലായിരുന്നു. അവ അതുകൊണ്ടുതന്നെ 1993ലും ഇന്ത്യയിലെ സംസ്ഥാനങ്ങളിൽ അരിമില്ലുകളുടെ കാര്യത്തിൽ മൂന്നാംസ്ഥാനം കേരളത്തിനായിരുന്നു. കേരളത്തിൽ 16096 മില്ലുകൾ ഉണ്ടായിരുന്നു. അതിൽ 13413 ഹള്ളറുകളും 2668 സെമി മോഡേൺ മില്ലുകളും ഉണ്ടായിരുന്നു. തമിഴ്നാട്ടിലും ആന്ധ്രപ്രദേശിലും മാത്രമാണ് ഇതിലും കൂടുതൽ മില്ലുകൾ ഉണ്ടായിരുന്നുള്ളൂ.

1990കളുടെ ആദ്യത്തിൽ പാലക്കാട് മില്ലുകളുടെ ആധുനികവൽകരണത്തിന് തുടക്കമായി. വളരെയധികം മില്ലുകൾ അർദ്ധ ആധുനികവൽക്കരിക്കപ്പെട്ടു. ഈ പ്രക്രിയ തുടരുകയും ചില മില്ലുകൾ ആധുനികവത്ക്കരിപ്പെടുകയും ഇനിയും ചിലത് അത്യാധുനികവത്കരിക്കപ്പെടുകയും ചെയ്തു. ഇവയ്ക്ക് ഉയർന്ന ഉൽപാദനശേഷി ഉണ്ടായിരുന്നു. ഇവയുടെ പ്രഭാവംകൊണ്ട് പല ചെറിയ മില്ലുകളും അടച്ചുപൂട്ടി. 2003 ആയപ്പോഴേക്കും ഇത് ഒരു പകർച്ചവ്യാധിയെപ്പോലെ വ്യാപിച്ചു. അങ്ങനെ 2007 ആയപ്പോഴേക്കും വളരെ കുറച്ചു മില്ലുകൾ മാത്രം അവശേഷിച്ചു.

അടച്ചുപൂട്ടിയ മില്ലുകളിൽ അതല്ലെങ്കിൽ പ്രവർത്തിക്കാതായ മില്ലുകളിൽ കുറച്ച് ആധുനികവൽക്കരിക്കപ്പെട്ട മില്ലുകളും ഉണ്ടായിരുന്നു. അവയ്ക്ക് വേണ്ടത്ര നെല്ല് പ്രാദേശികമായി സംഭരിക്കാൻ കഴിയാതെ വരിക മാത്രമല്ല മത്സരത്തിൽ അവയ്ക്ക് പിടിച്ചുനിൽക്കാൻ കഴിഞ്ഞുമില്ല. എന്നാൽ ചെറുതും അർദ്ധ ആധുനീകൃതവുമായ മില്ലുകളാണ് ഏറെ നശിച്ചത്. ആധുനിക അരിമില്ലുകൾ വരുന്നതിനുമുമ്പ്, പാലക്കാട് പ്രത്യേകിച്ചും കേരളത്തിൽ പൊതവെയും കൃഷിക്കാർക്ക് അവരുടേതായ മില്ലുകൾ ഉണ്ടായിരുന്നു. ഇത് അവർക്കും അവരുടെ ജോലിക്കാർക്കും കുറച്ച് അധികവരുമാനം നൽകിയിരുന്നു. ആധുനികവലത്കരണം കൊണ്ട് ഈ സംവിധാനം പൂർണ്ണമായും തകർന്നു. എന്നിട്ടിപ്പോൾ സർക്കാർ കൃഷിയുമായി ബന്ധപ്പെട്ട മറ്റ് പരിപാടികൾകൊണ്ട് കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കാൻ ആഗ്രഹിക്കുന്നു. ഉൽപന്നങ്ങളുടെ മൂല്യ വർദ്ധനവ്, കൃഷിക്കാരുടെ ഉൽപാദക കമ്പനി നേരിട്ടുള്ള വിപണനം, എന്നീ മാർഗ്ഗങ്ങളിലൂടെ കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാം എന്നിങ്ങനെയുള്ള ആശയങ്ങളുമുണ്ട്. എന്നാൽ കർഷക സമൂഹത്തിനുമേലും തൊഴിലാളികളുടെമേലും പ്രത്യക്ഷമായും കച്ചവടക്കാർ, കടത്തുകാർ എന്നിവരെ പരോക്ഷമായി ബാധിച്ച ഈ മില്ലുകളുടെ അടച്ചുപൂട്ടലിൽനിന്ന് സർക്കാർ ഒന്നും പഠിച്ചതായി കാണുന്നില്ല.

ഈ സാഹചര്യത്തിലാണ് ആധുനികവത്കരണത്തിലൂടെ അരിമില്ലുകളെ പുനരുജ്ജീവിപ്പിക്കാനുള്ള ഏതൊരു നീക്കത്തേയും നാം കാണേണ്ടത്. അർദ്ധ-ആധുനികവത്കരിച്ച മില്ലുകൾ 3 ലക്ഷം രൂപയോളം നിക്ഷേപിക്കുന്നു. അവയിൽ പലർക്കും നെല്ലുസംഭരിക്കാനും സോർട്ടക്സ് അരി വിൽക്കുന്ന മില്ലുകളോട് മത്സരിക്കാനും കഴിഞ്ഞില്ല. മറുവശത്ത് പോളിഷറുകളും സോർട്ടെക്സ് അരിയുമുള്ള കമ്പനികൾക്ക് കോടിക്കണക്കിന് രൂപ ചിലവു ചെയ്യേണ്ടിവരുന്നു. വമ്പന്മാർക്കു മാത്രമേ ഇങ്ങനെ നിക്ഷേപിക്കാനും ലാഭമുണ്ടാക്കാനും കഴിയൂ.

എന്നാൽ ഈ അരിമില്ലുകളും ഭക്ഷ്യസംസ്കരണ മന്ത്രാലയവുമാണ് (MoFP) ഇന്ന് ഉപഭോക്താക്കൾ ഏറെ ഇഷ്ടപ്പെടുന്ന വെളുത്ത പോളിഷ് ചെയ്ത സോർട്ടെക്സ് അരി പ്രചരിപ്പിക്കുന്നത്. അരി അടിസ്ഥാനമാക്കിയുള്ള വ്യവസായം വികസിപ്പിക്കുന്നതിന്റെ ഭാഗമായി തവിട്, ഉമി, തവിടെണ്ണ എന്നിവ ഉത്പാദിപ്പിക്കാനുള്ള MoFP ന്റെ അജണ്ടയുടെ ഫലമാണിത്. എന്നാൽ പരമ്പരാഗത കൈക്കുത്തിലും ഹള്ളറിലും നീക്കം ചെയ്യപ്പെടാത്ത തവിടിൽ വളരെയേറെ പോഷകമൂല്യമുണ്ട്. ആദ്യത്തെ മൂന്ന് പഞ്ചവത്സര പദ്ധതികളിലെങ്കിലും ഇങ്ങനെയുള്ള അരി രാജ്യത്തെ പൗരന്മാർ കഴിക്കുക എന്നതായിരുന്നു കേന്ദ്ര സർക്കാരിന്റെ ലക്ഷ്യം. എന്നാൽ ഫോർഡ് ഫൗണ്ടേഷന്റെ പഠനത്തിനുശേഷമുണ്ടായ പദ്ധതികളിൽ രാജ്യത്തിന്റെ പോഷകാംശങ്ങൾക്ക് കൊടുത്തിരുന്ന പ്രാധാന്യം കൂടുതൽ ഉത്പാദനത്തിനും ഉപ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുംവേണ്ടി മാറ്റിവെയ്ക്കപ്പെട്ടു.

തവിട് എണ്ണയുടെ ഒരു പ്രധാന സ്രോതസ്സാണ്, നെല്ലുകുത്തുന്ന രീതിയനുസരിച്ചും തവിടിന്റെ ഗുണനിലവാരമനുസരിച്ചും തവിടിലെ എണ്ണയുടെ അളവ് 12-20% വരെ വ്യത്യാസം വരും. ശരാശരി തവിടിൽനിന്ന് 15% എണ്ണ ലഭിക്കും. 1970ൽ ഇന്ത്യയിൽ ഒരു ലിറ്റർ പോലും തവിടെണ്ണ ഉത്പാദിപ്പിച്ചിരുന്നില്ല. എന്നാൽ 2002 ഓടെ 35,088 ഹള്ളറുകളും 8325 ഹള്ളർ കം ഷെല്ലറുകളും ഷെല്ലറുകളും ആധുനികവൽക്കരിക്കപ്പെട്ടു. ഈ ആധുനികമില്ലുകൾ എണ്ണ ഉത്പാദനം വർദ്ധിപ്പിക്കാൻ സഹായിച്ചു. ഇപ്പോൾ തവിട് ഉത്പാദനം 34 ലക്ഷം ടണ്ണാണ്. ഇത് 5.25 ലക്ഷം ടൺ തവിടെണ്ണയും കൂടാതെ കാലി/കോഴിത്തീറ്റക്കാവശ്യമായ തവിടിൻപിണ്ണാക്കും ഉത്പാദിപ്പിക്കുന്നതിന് കാരണമായി. 1997 ആയപ്പോഴേക്കും ആധുനികവൽക്കരണം വളരെയധികം വർദ്ധിച്ചു. റൈസ്മില്ലിന് ഇന്റസ്ട്രീസ് (റെഗുലേഷൻ) ആക്ട് 1958 അസാധുവാക്കി, അങ്ങനെ രാജ്യത്തെവിടെയും ലൈസൻസ് കൂടാതെ അരിമില്ലുകൾ സ്ഥാപിക്കാമെന്നായി.

ഇതു ചെയ്യുമ്പോൾ അതിശയമെന്നു പറയട്ടെ, കൈക്കുത്തരിക്കും തീരെ പോളിഷ് ചെയ്യാത്തതും പകുതി പോളിഷ് ചെയ്തതുമായ അരിക്ക് ആരോഗ്യത്തിൽ ശ്രദ്ധയുള്ളവരുടെ ഇടയിൽ ആവശ്യം കൂടിവരികയാണ്. കർഷകരുടെ കയ്യിൽനിന്നും ചെറുകിട വ്യാപാരികളുടെ കയ്യിൽനിന്നും നെല്ലിന്റെ സംസ്കരണവും ചില്ലറ വിൽപനയും എടുത്തുമാറ്റപ്പെട്ടിരിക്കുന്ന ഈ സാഹചര്യത്തിൽ പാരമ്പര്യരീതികളെ പുനരുജ്ജീവിപ്പിക്കുന്നത് പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. പ്രാദേശികവൽക്കരണം വികസിപ്പിക്കുകയും പ്രദേശാധിഷ്ഠിതമായ വിൽപനാരീതികളുമാണ് ഇന്നിന്റെ ആവശ്യം, കേരളത്തെ സംബന്ധിച്ച് പ്രത്യേകിച്ചും ഈ രീതിയായിരിക്കും കൂടുതൽ യോജിക്കുക.

പാലക്കാട്ടെ മില്ലുകളുടെ പതനത്തിന് മറ്റു പല കാരണങ്ങളും ഉണ്ടാകാമെങ്കിലും സർക്കാരിന്റെ നയങ്ങളാണ് ഇവിടത്തെ ചെറുകിട മിൽ വ്യവസായത്തെ തകർത്തത് എന്നതിൽ സംശയമില്ല.